# News and Events




## കൊറോണ കൺട്രോൾ റൂം

സിറ്റി പോലീസിന്റെ പ്രത്യേക കൺട്രോൾ റൂം തുറന്നു.

കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ പോലീസ് ആസ്ഥാനത്ത് പ്രത്യക കൺട്രോൾ റൂം തുറന്നു. അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ പി. വാഹിദിനാണ് ചുമതല. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ ജില്ലയിലെ പോലീസ് വകുപ്പ് സ്വീകരിക്കുന്ന കോവിഡ്-19 പ്രതിരോധ നടപടികൾ ഏകോപിപ്പിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ജനമൈത്രി ബീറ്റ് പോലീസ് ഓഫീസർമാർ, പോലീസ് സ്റ്റേഷൻ പി.ആർ.ഓ. മാർ, ജനജാഗ്രതാ സമിതി അംഗങ്ങൾ എന്നിവർ വഴി ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് കോവിഡ് വൈറസിന്റെ സമൂഹവ്യാപനം തടയാൻ സംസ്ഥാന ആരോഗ്യവകുപ്പ് നിരീക്ഷണത്തിലാക്കിയിട്ടുള്ള ആളുകളെ ഫോൺ വഴി ബന്ധപ്പെടുകയും, അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ജില്ലയിൽ സന്ദർശനത്തിനെത്തുന്ന വിദേശികളെ പോലീസ് നിരീക്ഷണത്തിലാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾ ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9497933510, 9497962724.

**Thrissur City Police**

Phone: 0487 **2423511**
E-mail address :cptsr.pol@kerala.gov.in
Website : www.thrissurcitypolice.gov.in
Facebook : /thrissurcitypolice
Twitter : /tsrcitypolice